# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

× —— × —— × ——

## 2025-2026

### ഗവ. ഡബ്ല്യു. എൽ. പി. എസ്
### മാനാമ്പുഴ

# ആമുഖം

പൊതുവിദ്യാലയങ്ങൾ - മികവിന്റെ കേന്ദ്രങ്ങളായി മാറുന്നു.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി, നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതിയതായി നടപ്പാക്കിയ സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതികൾക്കനുസരിച്ചും കുട്ടികളുടെ വൈജ്ഞാനിക, മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി ആസൂത്രണം ചെയ്തത്.

പൊതുവിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടുപോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതുമാണ് ഈ മാസ്റ്റർ പ്ലാനിന്റെ പ്രധാന ലക്ഷ്യം.

സജീവമായ പി.ടി.എ, എം.പി.ടി.എ, അധ്യാപകസമൂഹം, രക്ഷിതാക്കൾ, പൊതുസമൂഹം എന്നിവയുടെ സഹകരണത്തോടെ പുതിയ വിദ്യാഭ്യാസ വർഷത്തിലും മികവിന്റെ പാതയിൽ തുടരാനം എന്ന ദൃഢപ്രതിജ്ഞയോടെയാണ് ഈ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമികമാസ്റ്റർപ്ലാൻ അതിന്റെ ലക്ഷ്യങ്ങൾ നേടിയെടുക്കുമെന്ന പ്രതീക്ഷയോടെയും അഭിമാനത്തോടെയും സമർപ്പിക്കുന്നു.

ഹെഡ്മിസ്ട്രസ്

പി.ടി.എ. പ്രസിഡന്റ്

എം.പി.ടി.എ. പ്രസിഡന്റ്

## ജി. ഡബ്ല്യു. എൽ. പി. എസ് മനാമ്പുഴ

കൊല്ലം ജില്ലയുടെ വടക്കുഭാഗത്തായി കുന്നത്തൂർ പഞ്ചായത്തിലെ രണ്ടാം വാർഡിൽ പനന്തോപ്പ് ജംഗ്ഷനിൽ നിന്നും 2 km കിഴക്കായിട്ടാണ് നമ്മുടെ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. 1954-ൽ പ്രവർത്തനം ആരംഭിച്ച ഈ വിദ്യാലയം ആദ്യകാലത്ത് ഹരിജൻ വെൽഫെയർ മാനേജ്മെന്റിന്റെ ഉടമസ്ഥതയിലായിരുന്നു. ശ്രീ. പി.സി. ആദിച്ചന്റെ ശ്രമഫലമായി തുടങ്ങിയ വിദ്യാലയത്തിന് 1957-ൽ ഗവൺമെന്റ് അംഗീകാരം ലഭിച്ചു. 'ഇലവുംമൂട്' എന്നറിയപ്പെടുന്ന ഈ വിദ്യാലയം മനാമ്പുഴ പ്രദേശത്തെ സാമൂഹിക സാംസ്കാരിക പുരോഗതിയിൽ ഗണ്യമായ പങ്കു വഹിച്ചിട്ടുണ്ട്.

പ്രീ-പ്രൈമറി ഉൾപ്പെടെ 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലായി 40 കുട്ടികളും അധ്യാപകരും അനധ്യാപകരും ഉൾപ്പെടെ 7 അംഗങ്ങളും ഇവിടെ സേവനമനുഷ്ഠിക്കുന്നു. ഓഫീസ്റൂം കൂടാതെ

4 ക്ലാസ് മുറികളാണുള്ളത്. ആകർഷകമായ ക്ലാസ് മുറികളും ശുചിത്വമുള്ള പരിസരവുമുള്ള വിദ്യാലയത്തെ ശിശുസൗഹൃദപരമായി ചിട്ടപ്പെടുത്തിയിട്ടുണ്ട്. ജലലഭ്യതയുള്ളതും വൃത്തിയുള്ളതുമായ ടോയ്‌ലെറ്റുകൾ, ചുറ്റുമതിൽ, ജൈവ വൈവിധ്യ പാർക്ക്, അടുക്കള പച്ചക്കറിത്തോട്ടം, ബയോബിൻ, ഫലവൃക്ഷങ്ങൾ, പൂന്തോട്ടം എന്നിങ്ങനെ സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നിർമ്മിച്ചിട്ടുണ്ട്.

പഠന പ്രവർത്തനങ്ങളോടൊപ്പം വായനാശീലം പരിപോഷിപ്പിക്കുന്നതിനായി 2000-ൽ പരം പുസ്തകങ്ങൾ ഉള്ള സ്കൂൾ ലൈബ്രറിയും കുട്ടികൾക്ക് ICT പരിജ്ഞാനം ലഭ്യമാക്കുന്നതിനായി Projector, Lap top എന്നിവയും ഉപയോഗിക്കുന്നു. ഹൈടെക് ക്ലാസ് മുറിയും സജ്ജമായിട്ടുണ്ട്.

# അടിസ്ഥാനവിവരങ്ങൾ

സ്കൂളിന്റെ പേര് :- ജി. ഡബ്ല്യു. എൽ. പി. എസ്.
മാനാമ്പുഴ.

മേൽവിലാസം :- ജി. ഡബ്ല്യു. എൽ. പി. എസ്
മാനാമ്പുഴ.
മാനാമ്പുഴ പി ഒ
കുന്നത്തൂർ, കൊല്ലം :- 691553

സ്ഥാപിതമായ വർഷം :- 1957

ഫോൺ :- 9946533409

സ്കൂൾ കോഡ് :- 39515

UDISE CODE :- 32131100208

വിദ്യാഭ്യാസ ഉപജില്ല :- ശാസ്താംകോട്ട.

വിദ്യാഭ്യാസ ജില്ല :- കൊട്ടാരക്കര.

റവന്യൂ ജില്ല :- കൊല്ലം.

ബി. ആർ. സി :- ശാസ്താംകോട്ട

സി. ആർ. സി :- ഗവ: എൽ. പി. എസ്. നെടിയവിള.

ഗ്രാമ പഞ്ചായത്ത് :- കുന്നത്തൂർ.

ബ്ലോക്ക് പഞ്ചായത്ത് :- ശാസ്താംകോട്ട.

ജില്ലാ പഞ്ചായത്ത് :- കൊല്ലം.

നിയമസഭാ മണ്ഡലം :- കുന്നത്തൂർ.

ലോകസഭാ മണ്ഡലം :- മാവേലിക്കര.

താലൂക്ക് :- കുന്നത്തൂർ

വില്ലേജ് :- കുന്നത്തൂർ

ഇ. മെയിൽ വിലാസം :- manampuzhaglps@gmail.com

## പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനലക്ഷ്യങ്ങൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
3. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.
4. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.
5. ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്സ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പ് വരുത്തും.
6. ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി ക്ലാസ് പി.ടി.എ സംഘടിപ്പിച്ച് രക്ഷിതാക്കൾക്ക് നൽകും.
7. ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ S.R.G യുടെ നേതൃത്വത്തിൽ ലഭ്യമാക്കും.
8. 'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ആശയം മുൻനിർത്തി അറിവുനിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.
9. ആശയ പ്രകാശനശേഷി വർദ്ധിപ്പിക്കാൻ സഹായകമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാ-ബോധം ഒഴിവാക്കി 'ആക്ടീവായ' വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്ന-തിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.
10. ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റും.
11. സയൻസ് ലാബ് ആധുനികവത്കരിക്കും.
12. മാലിന്യമുക്ത വിദ്യാലയം. ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്,

മലിനജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ

13. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ ശാസ്ത്രീയ രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ

14. വിദ്യാലയം ഹൈടെക്കാക്കി മാറ്റുക. (എല്ലാ ക്ലാസ്സ് റൂമുകളും)

15. പോക്സോ സംബന്ധമായ ബോധവൽക്കരണം

16. രാസലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്കെതിരെ മുൻകരുതലുകൾ.

# അക്കാദമിക ഭൗതിക നേട്ടങ്ങളും പരിമിതികളും.

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| • മികച്ച അക്കാദമിക പ്രവർത്തനങ്ങൾ.<br>• ശാന്തമായ ഗ്രാമീണാന്തരീക്ഷം.<br>• ലൈബ്രറി സൗകര്യം, കമ്പ്യൂട്ടർ പഠന സൗകര്യം<br>• ഓരോ കുട്ടിയുടെയും പഠന പുരോഗതി ഉറപ്പാക്കുന്നു.<br>• കലാപഠനം, പ്രവൃത്തിപരിചയ പഠനം.<br>• കുഞ്ഞറിവ് - ആനുകാലിക സംഭവങ്ങളും പൊതു വിജ്ഞാനവും ഉൾപ്പെടുത്തി മാസത്തോറും ക്വിസ് നടത്തുന്നു.<br>• ശാസ്ത്രാവബോധം വളർത്തുന്ന വിവിധ പ്രവർത്തനങ്ങൾ.<br>• പഠനത്തിൽ പിന്നുന്ന ആവശ്യമുള്ള കുട്ടികൾക്കുള്ള പ്രത്യേക പരിശീലന പദ്ധതി- (പൂത്തുമ്പി കൂട്ടുകാരി).<br>• സർഗവേള, സ്കൂൾ അസംബ്ലി, ദിനാചരണങ്ങൾ, LSS പരിശീലനം<br>• പാഠ്യേതര പ്രവർത്തനങ്ങൾ.<br>• ICT സാധ്യത ഉപയോഗിച്ചുള്ള അക്കാദമിക പ്രവർത്തനങ്ങൾ.<br>• ജൈവവൈവിധ്യ ഉദ്യാനം, അടുക്കള പച്ചക്കറിത്തോട്ടം, ഫലവൃക്ഷങ്ങൾ | • സ്ഥല പരിമിതി<br>• ശുചിമുറി സൗകര്യം ഇല്ലായ്മ<br>• പ്രത്യേകം ലൈബ്രറി കെട്ടിടവും ലൈബ്രേറിയനും ഇല്ല.<br>• ഉച്ച ഭക്ഷണം കഴിക്കുന്നതിന് പ്രത്യേക സ്ഥലം ഇല്ലായ്മ.<br>• കളിസ്ഥലം ഇല്ല.<br>• പൊതു പരിപാടികൾ, കുട്ടികളുടെ അസംബ്ലി എന്നിവ നടത്താൻ ഹാളോ ഓഡിറ്റോറിയമോ ഇല്ല. |

## ലക്ഷ്യങ്ങൾ

### ഭാഷാ വികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
4. സർഗാത്മകരചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
7. മികച്ച വായനാശീലം വളർത്തുക.

### ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.
3. സ്വതന്ത്ര വായനക്ക് സജ്ജരാക്കുക.
4. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
5. സ്കൂൾ ലൈബ്രറിയിൽ ധാരാളം ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.
6. ഇംഗ്ലീഷ് അസംബ്ലികൾ സംഘടിപ്പിക്കുക.

## പരിസരപഠനം

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക, ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
3. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക.
4. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
5. ശാസ്ത്ര പരീക്ഷണങ്ങൾക്ക് അവസരമൊരുക്കുക.

## സാമൂഹികാവബോധം

1. ജനാധിപത്യ വേദികൾ ഒരുക്കുക.
2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
3. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ.

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പ് വരുത്തുക.
3. ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുക.
4. ഗണിത ചിന്ത, യുക്തി ചിന്ത, വിശകലനശേഷി എന്നിവ എല്ലാകുട്ടികളിലും വളർത്തുക.

## ഐ. സി. ടി. സാധ്യതകൾ

1. വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യമൊരുക്കുക.

## പ്രവൃത്തിപരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ, പ്രയോജനപ്രദമായ ഉൽപന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി / പഠനവുമായി പ്രവൃത്തി പരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികാസത്തിന് അവസരമൊരുക്കുക.
4. ആധുനിക ശാസ്ത്രസാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
5. എല്ലാ കുട്ടികളെയും പരിശീലന പരിപാടികളിൽ പങ്കാളികളാക്കുക.

## ആരോഗ്യകായിക വിദ്യാഭ്യാസം

1. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
2. ആരോഗ്യശീലങ്ങൾ വളർത്തുക
3. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാകുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
4. സ്കൂളും പരിസരവും മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.
5. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഉന്നത ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.

| Learning Outcome | Activities | Time | Duty | Finance. |
| --- | --- | --- | --- | --- |
| * To develop the skill of learning. | * Conduct a pretest and find out and analyse the merits and demerits.<br>* Action Songs<br>* Games Instructions<br>* Story listening<br>* Hello English Activities<br>* Answer simple questions | June to March | SRG<br>Class Teacher<br>English Teacher. | |
| * To develop the skill of speaking. | * Identify the naming words from the given picture.<br>* Identify the action words.<br>* Action Songs<br>* Simple story telling.<br>* Picture description<br>* Answer the simple questions<br>* English Assembly.<br>* Riddles.<br>* English Skit | June to March | English Teacher. | |

| Learning Outcomes | Activities | Time | Duty | Finance |
|---|---|---|---|---|
| * To develop the skill of Reading. | * Word cards<br>* Sentence strips<br>* Reading cards<br>* Simple story books.<br>* Other Reading Materials<br>* Readers Theatre<br>* Journals | June to March | English Teacher. | |
| * To develop the skill of writing | * Word web<br>* Word chain<br>* Add more lines<br>* Make riddles<br>* Description<br>* Conversation<br>* Thought<br>* Speech bubble<br>* Diary<br>* Notice | June to March | English Teacher. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠനേട്ടങ്ങളും കുട്ടികളെ പ്രാപ്ത-രാക്കുക. | * എല്ലാ ക്ലാസ് യൂണിറ്റിലെയും പഠനേട്ടങ്ങൾ സമയബന്ധിതമായി വിലയിരുത്താൻ | ജൂൺ - മാർച്ച് | SRG ഗണിത അധ്യാപിക | |
| * അടിസ്ഥാന ഗണിതശേഷികൾ മുഴുവൻ കുട്ടികൾക്കും ഉറപ്പാക്കുക. | * കുട്ടികൾക്ക് സ്വതന്ത്രമായി ഉപയോഗിക്കാൻ സാധ്യമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ. | ജൂൺ - മാർച്ച് | SRG, SSK ഗണിത അധ്യാപിക. | |
| * ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിച്ചു-ന്നുവെന്ന് ഉറപ്പാക്കൽ. | * ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി പരിഹാര ബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ - മാർച്ച് | ഗണിത അധ്യാപിക | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷി നേടി എടുപ്പിക്കാൻ. | * ഓരോ ക്ലാസിലെയും ഗണിതപാഠങ്ങളിലെ H.W പ്രവർത്തനങ്ങൾ കുട്ടികൾക്ക് ലിസ്റ്റ് ചെയ്ത് നൽകുന്നു. പിന്നീട് സമർപ്പിക്കാൻ കുട്ടികൾ ശ്രമിക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് PTA SRG ഗണിത അധ്യാപിക. | |
| * അറിയുന്ന ഗണിത ക്രിയകൾ ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കൽ. | * ഗണിത കളികൾ<br>* ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപിന്തുണ അനുയോജ്യമായ ചോദ്യങ്ങൾ, ക്വിസുകൾ, ശില്പശാലകൾ. | ജൂൺ - മാർച്ച് | ഗണിത അധ്യാപിക. | |

# ആരോഗ്യ - കായിക - വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | * PT പീരിയഡിൽ കളിക്കാൻ അത്‌ലറ്റിക്സ്, ഗെയിംസ് എന്നിവ നൽകുക.<br>* സ്പോർട്സ് പരിശീലനം.<br>* യോഗാ ക്ലാസ്. | | | |
| * ആരോഗ്യ കായിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കൽ. | * ബോധവൽക്കരണക്ലാസ്<br>* വീഡിയോ പ്രദർശനം<br>* ആരോഗ്യപാട്ട്<br>* പോസ്റ്റർ നിർമ്മാണം. | | | |
| * ആരോഗ്യ - പ്രാധാന്യം | * കുട്ടികളെ പരിശോധിക്കൽ (പ്രാഥമിക ആരോഗ്യ കേന്ദ്രം)<br>* മെഡിക്കൽ ക്യാമ്പ് സ്കൂളിൽ നടപ്പാക്കൽ. | | | |

# വിവരസാങ്കേതിക വിദ്യ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * വിവര സാങ്കേതിക വിദ്യ ഫലപ്രദമായി പ്രയോജനപ്പെടുത്തൽ. | * പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ ഉപയോഗിക്കൽ, പരിചയപ്പെടുത്തൽ | ജൂൺ - മാർച്ച് | ICT അധ്യാപിക | |
| * കുട്ടികൾക്ക് സ്വന്തമായും നിർഭയമായും കമ്പ്യൂട്ടർ കൈകാര്യം ചെയ്യാനുള്ള അവസരം. | * IT, ICT പ്രവർത്തനങ്ങൾ, <br> * പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ. | ജൂൺ - മാർച്ച് | ICT അധ്യാപിക. | |

# ഹരിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമഗ്രികൾ |
| --- | --- | --- | --- | --- |
| * ഹരിത വിദ്യാലയം | * ഹരിതക്ലബ്ബ് രൂപീകരണം<br>* പോസ്റ്റർ തയ്യാറാക്കൽ<br>* വിവിധ പ്രദർശനം<br>* പ്രകൃതി നടത്തം<br>* ബോധവൽക്കരണ ക്ലാസ് | ജൂൺ - ജൂലൈ | ക്ലാസ് ടീച്ചർ | |
| * പച്ചക്കറിത്തോട്ടം | * സ്കൂൾ ഉദ്യാനത്തിനായി പച്ചക്കറികൾ നട്ടുവളർത്തൽ, പരിപാലനം. | ജൂൺ - മാർച്ച് | അധ്യാപകർ അനധ്യാപകർ രക്ഷിതാക്കൾ. | |
| * ജൈവ വൈവിധ്യ പാർക്ക് | * ഫലവൃക്ഷത്തൈകൾ നട്ടുവളർത്തൽ<br>* ഔഷധ സസ്യങ്ങൾ നട്ടുവളർത്തൽ<br>* പരിപാലനം. | | | |

# പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | * പ്രവൃത്തി പരിചയ മേളകളിൽ കുട്ടികൾ പരിശീലനം ലഭ്യമാക്കൽ, നിർമ്മാണം- ചോക്ക്, ബോൾപേന തുടങ്ങി,<br>* വെജിറ്റബിൾ പ്രിന്റിംഗ്<br>* ചവിട്ടി നിർമ്മാണം<br>* വയർ ഫാബ്രിക്കേഷൻ<br>* മുത്ത് ഉല്പന്നങ്ങൾ<br>* കയർ ഉല്പന്നങ്ങൾ | സെപ്റ്റംബർ | SSK ക്ലാസ് ടീച്ചർ | |
| * ഉത്തമ വിഭവങ്ങളായി പഠനവുമായി പ്രവൃത്തി പരിചയ അനുഭവങ്ങൾ സമന്വയിപ്പിക്കുക. | * ശില്പശാലയിൽ അദ്ധ്യാപകർക്ക് പരിശീലനം നൽകൽ.<br>* പഠനോപകരണ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ<br>* പാഴ്വസ്തുക്കളിൽ നിന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾ. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |

# സർഗവേദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * കലാഭിരുചി വളർത്തുക (കുട്ടികളുടെ സർഗാത്മക കഴിവുകൾ) | * ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ<br>ഉദാഹരണം: വെള്ളിയാഴ്ചകൾ | എല്ലാ ആഴ്ചയിലും | CT<br>SRG | |
| * ഓരോ കുട്ടിയും ഇനമാണ് ഏതു മേഖല ആഗ്രഹിക്കുന്നു അതിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക | * നൃത്തം, അഭിനയം, ചിത്രരചന, ക്രാഫ്റ്റ് വർക്ക്, പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം. | എല്ലാ മാസത്തിലും | SRG<br>PTA | |
| * ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികാസത്തിന് അവസരമൊരുക്കുക. | കുട്ടികളുടെ കഴിവുകൾ സോഷ്യൽ മീഡിയ വഴി സമൂഹവുമായി പങ്കുവെക്കൽ | ജൂൺ - മാർച്ച് | SRG<br>CT. | |

# പ്രവർത്തന പദ്ധതികൾ

## മലയാളം

| പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ...പുസ്തക ...ാൻ ...പദ്ധതി | കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി ലൈബ്രറി പുസ്തകങ്ങൾ പരിചയപ്പെടുത്തുന്നു | മാസത്തിൽ ഒരു ദിവസം (2 പിരീഡ്) | ക്ലാസ് ടീച്ചർ | 1000 |
| ...പിറന്നാൾ ...വായന | മികച്ച വായനശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ് ടീച്ചർ | |
| ...ഉച്ചഭാഷി- ...ണി വായന | അക്ഷരം ഉറപ്പായി കുട്ടികൾക്ക് വായിക്കാൻ കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ വായിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| ...പാട്ടരങ്ങ് | ഭാവപ്രകടനം, ശബ്ദപ്രയോഗം, സംഗീതാത്മകത ഇവയിലെ വൈവിധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും വളർത്തുക | കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിച്ച് അതിന്റെ അവതരണം സംഘടിപ്പിക്കുന്നു. രാഗ-താളങ്ങളോടുകൂടി ആലപിക്കുന്ന ഭാവങ്ങൾ അവതരിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | വിദ്യാരംഗം ക്ലബ്. ക്ലാസ് ടീച്ചർ | 3000 |

| | | | | | |
|---|---|---|---|---|---|
| അക്ഷരക്കൂട്ടം | മികച്ച വായനാശീലം വളർത്തുക | ഒഴിവുസമയങ്ങളിൽ വായിക്കാവുന്ന ഓരോ ക്ലാസ്സ്മുറികളിലും പ്രത്യേകം വായനാ കോർണർ ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമ്മറ്റി | 1000 |
| സ്കൂൾ ലൈബ്രറി | മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ | ജൂൺ - മാർച്ച് | PTA | 2000 |
| ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ, പതിപ്പുകൾ | ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ ഒരുക്കുക | മാർച്ച് | ക്ലാസ്സ് ടീച്ചർ. | 1000 |
| | | വിദ്യാലയ വിശേഷങ്ങൾ ക്ലാസിലെ വിവരങ്ങൾ പങ്കുവെക്കുന്ന ക്ലാസ്തല പതിപ്പുകൾ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ | |
| രചനോത്സവം. | ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | അധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതുന്ന | ജൂൺ - മാർച്ച് | ഭാഷാ ക്ലബ് | 500 |
| സർഗ്ഗവേള | എല്ലാ കുട്ടികളേയും സർഗ്ഗാത്മകമായ തലത്തിലെത്തിക്കുക | കുട്ടികളുടെ സർഗാത്മകമായ കഴിവുകൾ വികസിപ്പിക്കുക. കഴിവുകൾ പ്രകടിപ്പിക്കാൻ അവസരം നൽകുക. | ജൂൺ മാർച്ച് | ക്ലാസ്സ് ടീച്ചർ. | 500 |

| | | | | | |
|---|---|---|---|---|---|
| പിന്നോക്ക സഹായം | ആശയ വിനിമയ ശേഷി കൈവരിക്കൽ | പഠന പിന്നോക്കം നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ - ഒക്ടോബർ | ക്ലാസ് ടീച്ചർ | |
| നാട്ടുവിശേഷം കൂട്ടെഴുത്ത്. | എഴുത്ത് നൈപുണി, സർഗ്ഗ ചിന്താശേഷി, ഭാഷാ വിവേകങ്ങൾ എന്നിവ വികസിപ്പിക്കൽ | കുട്ടികളുടെ നാട്ടുപരിചയത്തെ ആസ്പദമാക്കി കൂട്ടായി ഒരു ലേഖനം രൂപപ്പെടുത്തുന്നു. കുട്ടികൾക്ക് അനുഭവങ്ങൾ പങ്കുവെക്കാനും ആലോചനകൾ എഴുതാനും അവസരം നൽകുന്നു. | ജനുവരി മാർച്ച് | PTA. | 1000 |
| റീഡേഴ്സ് തിയേറ്റർ. | വായനാശീലവും അഭിനയം വഴി വ്യക്തിത്വ വികസനവുമാണ് പ്രധാന ലക്ഷ്യം. | കുട്ടികൾക്ക് അഭിനയത്തോടെ വായന ചെയ്യാൻ പരിശീലനം നൽകുന്നു. കഥാപാത്രങ്ങൾ, സംഭാഷണങ്ങൾ, ശബ്ദവ്യത്യാസം എന്നിവ ഉപയോഗിച്ച് അഭിനയം, വായനയുടെ അവതരണം നടത്തുന്നു. | എല്ലാ മാസവും | ക്ലാസ് ടീച്ചർ. | |
| ഭാഷോത്സവം | ഭാഷയുടെ വിവിധ ആശയവിനിമയ രൂപങ്ങൾ മനസ്സിലാക്കി ഭാഷാനൈപുണ്യം പ്രകടിപ്പിക്കുക. | ഭാഷാ പ്രസംഗം, കഥ പറയൽ, കവിതാപാരായണം, ഭാഷാ ഗെയിമുകൾ എന്നിവയുടെ പങ്കാളിത്തത്തിലൂടെ കുട്ടികൾക്ക് ഭാഷാമികവ് പ്രകടിപ്പിക്കാൻ അവസരം | ജൂൺ - മാർച്ച് | സ്കൂൾ ഭാഷാ ക്ലബ്ബ് Class Tr. | 2000 |

# പരിസര പഠനം

| പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| പരീക്ഷണക്കുറിപ്പ് തയ്യാറാക്കുക | ശാസ്ത്രതാൽപര്യം വളർത്തുക. ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാകുന്ന തരത്തിൽ പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | |
| പരീക്ഷണ കിറ്റ് | ശാസ്ത്രപ്രക്രിയാശേഷികളുടെ വളർച്ചക്കിണങ്ങും വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | 3,4 ക്ലാസ്സിലെ മുഴുവൻ കുട്ടികൾക്കും ശാസ്ത്രപരീക്ഷണങ്ങൾക്കും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണക്കിറ്റ് തയ്യാറാക്കൽ | ഓഗസ്റ്റ് ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ SMC | 1000 |
| പരീക്ഷണോത്സവം | ശാസ്ത്രവിഷയങ്ങളിലേക്കുള്ള താത്പര്യവും മനഃശാസ്ത്രപരമായ ഉണർവ്വും വളർത്തുക | ക്ലാസ്സ് മുറികളിൽ ശാസ്ത്രപ്രയോഗങ്ങൾ കാണിച്ച് അത് മനസ്സിലാക്കുന്നതിനും കുട്ടികൾക്ക് അതിൽ പങ്കാളികളാകുന്നതുമാണ് പരീക്ഷണോത്സവത്തിലൂടെ ലക്ഷ്യം | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ ശാസ്ത്ര ക്ലബ് | 2000 |